# പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ഡിസംബർ 28, ചൊവ്വ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

അന്യസംസ്ഥാന ലോട്ടറി ഇടപാട്

മി. സ്പീക്കർ: അന്യസംസ്ഥാന ലോട്ടറി ഇടപാടിൽ കഴിഞ്ഞ നാലുവർഷംകൊണ്ട് 80000 കോടി രൂപയുടെ തിരിമറി നടന്നുവെന്നും ഈ പണം തീവ്രവാദപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തിയെന്നുമുള്ള ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് മേൽപ്പറഞ്ഞ കേസ് ദേശീയ കുറ്റാന്വേഷണ ഏജൻസികളായ സി.ബി.ഐ.-യോ എൻ.ഐ.എ.-യോ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രിക്കും കത്തയച്ചിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, എം.കെ പ്രേംനാഥ്,

കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കേന്ദ്ര ലോട്ടറി നിയമം ലംഘിച്ച് ദിനംപ്രതി കോടിക്കണക്കിന് രൂപ ലോട്ടറി നടത്തിപ്പുകാർ കേരളത്തിൽ നിന്ന് കടത്തിക്കൊണ്ടുപോകുകയാണെന്ന കാര്യം തെളിവുകൾ നിരത്തി നിരവധി തവണ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ലോട്ടറി നിയന്ത്രണ നിയമം അനുസരിച്ച് അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ കേന്ദ്ര ഗവൺമെന്റിന് മാത്രമേ അധികാരമുള്ളൂ. കേന്ദ്രം സംസ്ഥാന ഗവൺമെന്റ് നൽകുന്ന കത്തുകൾക്ക് പരിഗണനയിലാണെന്ന മറുപടി മാത്രമാണ് നൽകുന്നത്. കേന്ദ്ര വിദേശകാര്യ മന്ത്രാലയവും ഭൂട്ടാൻ അംബാസിഡറുമായി നടത്തിയ യോഗത്തിൽ വച്ച് ലോട്ടറി നിയന്ത്രണനിയമത്തിന്റെ ലംഘനം നടത്തുന്നുവെന്നും അത് പരിഹരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ഭൂട്ടാൻ ലോട്ടറിയുടെ പേരിൽ ഇവിടെ നടക്കുന്ന നിയമലംഘനങ്ങൾ കേന്ദ്രസർക്കാരിന് ബോദ്ധ്യമുള്ള സ്ഥിതിക്ക് അത് പരിഹരിക്കുന്നതു വരെയെങ്കിലും അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കണമെന്നും കണക്കിൽപ്പെടാതെ സമാഹരിക്കുന്ന കോടിക്കണക്കിന് രൂപ ഹവാല ഇടപാടിനും ഭീകരപ്രവർത്തനങ്ങൾക്കും വിനിയോഗിക്കുവാനുള്ള സാദ്ധ്യത തള്ളിക്കളയാനാകില്ലെന്നും അനുയോജ്യമായ കേന്ദ്ര ഏജൻസിയെക്കൊണ്ട് ഇക്കാര്യം അന്വേഷിപ്പിക്കണമെന്നും ആവശ്യപ്പെട്ട് 29-11-10-ന് കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടില്ല. ആ കത്തിന്റെ കോപ്പിയും ഭൂട്ടാൻ അംബാസിഡറുമായി നടത്തിയ യോഗത്തിന്റെ മിനിട്ട്സിന്റെ കോപ്പിയും ഒരു കവറിംഗ് ലെറ്ററോടുകൂടി പ്രധാനമന്ത്രിക്കും

അയച്ചുകൊടുത്തു. ഇക്കാര്യത്തിൽ അസാധാരണമായോ അസ്വാഭാവികമായോ ഒന്നുമില്ല. സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യവും ലോട്ടറി വിൽപ്പനക്കാരുടെ താൽപ്പര്യവും സംരക്ഷിക്കാൻ സർക്കാരിന് ബാദ്ധ്യതയുള്ളതുകൊണ്ടാണ് അന്വേഷണം ആവശ്യപ്പെട്ടിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി.ഡി. സതീശൻ: കേരളത്തിൽ അന്യസംസ്ഥാന ലോട്ടറി വിൽപ്പനയിലൂടെ അനർഹമായി ഉണ്ടാക്കുന്ന പണം ഹവാല ഇടപാടിനും മറ്റും ഉപയോഗിക്കുന്നുവെന്നുള്ളതാണ് മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രിക്ക് അയച്ച കത്തിൽ ഉന്നയിച്ചിരിക്കുന്ന ആരോപണം. ഈ പണം ഉപയോഗിക്കുന്ന പല തീവ്രവാദ സംഘടനകൾക്കും കേരളത്തിൽ വേരുകളുണ്ടെന്ന് കത്തിൽ പറഞ്ഞിരിക്കുന്നത് അസാധാരണമായ ഒരു കാര്യമാണ്. മുഖ്യമന്ത്രിക്ക് കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് കത്തയച്ചിരിക്കുന്നത് എന്നാണ് കേരളത്തിലെ ജനങ്ങൾ വിശ്വസിച്ചിരിക്കുന്നത്. കഴിഞ്ഞ സഭാസമ്മേളനത്തിൽ പ്രതിപക്ഷം ഇതുമായി ബന്ധപ്പെട്ട് ആരോപണം ഉന്നയിച്ചപ്പോൾ സ്വീകരിച്ച നിലപാടിൽ നിന്ന് സർക്കാർ മാറിയിരിക്കുന്നു. ഈ വിഷയം മുഖ്യമന്ത്രി സി.ബി.ഐ.-യോ എൻ.ഐ.എ.-യോ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടതോടുകൂടി പ്രതിപക്ഷം ഈ സഭയിൽ ഉന്നയിച്ച ആരോപണങ്ങൾക്ക് പുതിയ മാനങ്ങളുണ്ടായിരിക്കുന്നു. കഴിഞ്ഞ നാലുവർഷമായി സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറി ഇടപാടിലൂടെ 80000 കോടി രൂപയുടെ തിരിമറികൾ നടന്നിരിക്കുന്നുവെന്ന് കത്തിൽ പറഞ്ഞിരിക്കുന്നു. ഇതുവരെ സംസ്ഥാന സർക്കാർ അയച്ച കത്തുകളൊന്നും 2010-ലെ ലോട്ടറി ചട്ടങ്ങൾക്ക് വിധേയമായ കത്തുകളല്ലെന്നും ലോട്ടറി

ചട്ടത്തിലെ റൂൾ 5 അനുസരിച്ചുള്ള പ്രത്യേകമായ ഫോർമാറ്റ് വഴി കത്തുകള യച്ചാൽ മാത്രമേ കേന്ദ്രഗവൺമെന്റിന് നടപടികൾ സ്വീകരിക്കാൻ കഴിയുക യുള്ളൂവെന്നും സെപ്റ്റംബർ 13-ാം തീയതി നടന്ന സംവാദത്തിൽ ഉന്നയി ച്ചതിനുശേഷമാണ് അത്തരത്തിലൊരു കത്ത് കേന്ദ്രത്തിലേയ്ക്കയച്ചത്. മുഖ്യമന്ത്രി ഹാജരാക്കിയ രേഖകൾപ്രകാരം ഒക്ടോബർ 26-ാം തീയതി ഭൂട്ടാൻ അംബാസിഡറേയും ആഭ്യന്തര/വിദേശകാര്യ മന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥരേയും വിളിച്ചുകൂട്ടി ലോട്ടറി ഇടപാടുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ഭൂട്ടാൻ ഗവൺമെന്റിനെ അറിയിക്കാനുള്ള തീരുമാനമെടു ക്കുകയുണ്ടായി. ലോട്ടറി നിരോധിക്കണമെങ്കിൽ ഭൂട്ടാനും ഇൻഡ്യയും തമ്മിൽ നടത്തിയ ഇന്റർനാഷണൽ എഗ്രിമെന്റിന്റെ ഭാഗമായിട്ടുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. 04-11-2009-ലെ സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിലൂടെ ഈ ലോട്ടറികളെ നിരോധിക്കാനുള്ള സർവ്വ അധി കാരങ്ങളും സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്. കേന്ദ്രത്തിന്റെ ഇടപെട ലില്ലാതെ സംസ്ഥാന സർക്കാർ തന്നെ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ഇപ്പോൾ കേരളത്തിൽ ഈ ലോട്ടറികൾ വിൽക്കപ്പെടുന്നില്ല. സാന്റിയാഗോ മാർട്ടിനേയും ജോൺ കെന്നഡിയേയും അറസ്റ്റ് ചെയ്യണമെന്ന് പോലീസ് ആവശ്യപ്പെട്ടിട്ടും സർക്കാർ അതിന് തയ്യാറാകുന്നില്ല. ഇപ്പോൾ പ്രോപ്പർ ഫോമിൽ പ്രധാനമന്ത്രിക്ക് അയച്ചിരിക്കുന്ന കത്ത് സി.ബി.ഐ. അന്വേഷണം നടത്താനുള്ള സംസ്ഥാന സർക്കാരിന്റെ അനുമതിയായി കണക്കാക്കണമെ ന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 1946-ലെ ഡെൽഹി പോലീസ് സ്പെഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ ആറാം വകുപ്പ് അനുസരിച്ചുള്ള അനുമതിയാണ് ഇപ്പോൾ മുഖ്യമന്ത്രി കൊടുത്തിരിക്കുന്നത്. 2008-ൽ സുപ്രീംകോടതി ഇത്

ശരിവച്ചിട്ടുണ്ട്. സി.ബി.ഐ. മാനുവൽ അനുസരിച്ച് മുഖ്യമന്ത്രിക്ക് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാനുള്ള അധികാരമുണ്ട്. അന്യസംസ്ഥാന ലോട്ടറി ഇടപാടിലൂടെ 80000 കോടി രൂപ തിരിമറി നടത്തിയ സാന്റിയാഗോ മാർട്ടിനെയും ജോൺ കെന്നഡിയെയും അറസ്റ്റ് ചെയ്യാൻ തടസ്സമായി നിൽക്കുന്നതാരാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. കഴിഞ്ഞ നാലുവർഷം 80000 കോടി രൂപയുടെ ലോട്ടറി തിരിമറി നടന്നുവെന്നും ആ പണം തീവ്രവാദ വിരുദ്ധപ്രവർത്തനങ്ങൾക്കുപയോഗപ്പെടുത്തിയെന്നും ഈ ഇടപാടുകൾ സി.ബി.ഐ-യോ എൻ.ഐ.എ-യോ അന്വേഷിക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി മന്ത്രിസ്ഥാനം രാജി വയ്ക്കാൻ തയ്യാറാകണം. ഗുരുതരമായ ഈ സ്ഥിതി വിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : അന്യസംസ്ഥാന ലോട്ടറി ഇടപാടിലെ നിയമവിരുദ്ധ നടപടികളെക്കുറിച്ച് കഴിഞ്ഞ നാലുവർഷമായി നിരന്തരം കേന്ദ്ര സർക്കാരിന് കത്ത് അയച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ ലോട്ടറി മാഫിയ നിയമവിരുദ്ധമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ റോയൽ-ഭൂട്ടാൻ ഗവൺമെന്റിന്റെ പ്രതിനിധികളെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന് വന്നിട്ടുള്ള 80000 കോടിയിൽപ്പരം രൂപയുടെ നഷ്ടത്തിന് ഉത്തരവാദി കേന്ദ്രസർക്കാരാണ്. ഈ നഷ്ടം നികത്തുന്നതിന് സർക്കാർ പല ശ്രമങ്ങളും നടത്തുകയുണ്ടായി. കേന്ദ്രത്തിനയച്ച കത്തുകൾക്ക് ഫലമില്ലാതായപ്പോൾ കേന്ദ്ര ലോട്ടറിനിയമ ത്തിലെ ചില വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് സംസ്ഥാന സർക്കാർ ഓർഡി നൻസ് പുറപ്പെടുവിക്കുകയും കേന്ദ്ര നിയമത്തിലെ നിലവിലുണ്ടായിരുന്ന 5

ലക്ഷം എന്ന നികുതി 15 ലക്ഷമാക്കണമെന്നുള്ള ഭേദഗതി നടപ്പിലാക്കുന്നതിനുവേണ്ടി പോലീസ് ഓഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ലക്ഷക്കണക്കിന് കള്ള ടിക്കറ്റുകൾ അച്ചടിച്ച് കൊള്ള നടത്തിയത് സംബന്ധിച്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാന സർക്കാർ നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് കേന്ദ്ര സർക്കാരിന് അവരെ നിയന്ത്രിക്കാനായത്. സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായതിന്റെ ഉത്തരവാദികളാരാണെന്നത് സംബന്ധിച്ച വിവരം ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം.മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു).

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>സംവരണ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട നിയമനങ്ങൾ ലഭ്യമാക്കാൻ നടപടി</u>

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്:</u> നിയമങ്ങളും ചട്ടങ്ങളും മാനദണ്ഡങ്ങളും മറികടന്നുകൊണ്ട് വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും കോർപ്പറേഷനുകളിലും ബോർഡുകളിലും നടത്തുന്ന നിയമനങ്ങൾ അവസാനിപ്പിക്കണം. കെ.എസ്. ഇ.ബി-യിൽ അർഹരായ 96 പേർക്ക് സബ് എഞ്ചിനീയർമാരായി മുൻകാല പ്രാബല്യ

ത്തോടെ പ്രൊമോഷൻ നൽകണമെന്ന കോടതിവിധി പാലിക്കപ്പെട്ടിട്ടില്ല. കേരളാ യൂണിവേഴ്സിറ്റിയിൽ യോഗ്യതയും സംവരണ മാനദണ്ഡങ്ങളും പരിഗണിക്കാതെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നടത്തി. കോഴിക്കോട് സർവ്വകലാശാലയിലെ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള പ്രായോഗിക പരീക്ഷയിൽ ധാരാളം ക്രമക്കേടുകൾ നടന്നിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഒഴിവുകൾ നികത്തുന്നതിന് റൊട്ടേഷൻ സമ്പ്രദായം സ്വീകരിച്ചിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ അനധികൃത നിയമനങ്ങൾ നടത്താനാണ് ശ്രമിക്കുന്നത്. ഈ സാഹചര്യത്തിൽ താൽക്കാലിക ജീവനക്കാരെയും കരാർ ജീവനക്കാരെയും പിരിച്ചുവിട്ട് സംവരണമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ പി.എസ്.സി-വഴിയോ ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കണം. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പുതലവന്മാർക്ക് നിർദ്ദേശം നൽകണം. സർക്കാർ നിർദ്ദേശം ലംഘിക്കുന്ന വകുപ്പുമേധാവികൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ നടപടികൾ സ്വീകരിക്കാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് വിവിധ വകുപ്പുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. പി.എസ്.സി. വഴി നടത്തേണ്ട നിയമനങ്ങൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാനും റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തരുതെന്നും എല്ലാ വകുപ്പതലവന്മാർക്കും പൊതുമേഖലാ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(2) അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ മണലും എക്കലും നീക്കം ചെയ്യുന്നതിനുള്ള നടപടി

ശ്രീ. കെ. രാജു: കേരളത്തിലെ ഡാമുകളിൽ അടിഞ്ഞുകൂടുന്ന എക്കലും മണലും ചെളിയും നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. ഡാമുകളിൽ നിന്ന് യഥാസമയം എക്കലും മണലും നീക്കാത്തതുകൊണ്ട് റിസർവോയറിന്റെ ആഴം വളരെ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ഗവൺമെന്റ് ഒരു പഠനം നടത്തണം. റിസർവോയറുകളിലെ മണലും എക്കലും മറ്റും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും യാതൊരു തുടർനടപടിയും നടക്കുന്നില്ല. വിവിധ വകുപ്പുകൾ സംയുക്തമായി ഡാമുകളിലെ എക്കലും മണലും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കണം. ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന മണൽ സംസ്ക്കരിച്ച് നിർമ്മാണമേഖലയിൽ ഉപയോഗിക്കുന്നതിനും മണലിന്റെ വില നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സംസ്ഥാനത്തെ ഡാമുകളിൽ ഡീ-സിൽറ്റിംഗ് നടത്താൻ നയപരമായ തീരുമാനം എടുക്കുകയും ജലസേചനവകുപ്പിന്റെ കീഴിലുള്ള റിസർവോയറുകളിൽ മണ്ണും എക്കലും മാറ്റാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള ഡാമുകളിലെ മണലും എക്കലും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ മന്ത്രിസഭാ ഉപസമിതി വിലയിരുത്തുന്നുണ്ട്. ജലസേചനവകുപ്പിന്റെ കീഴിലുള്ള ജലസംഭരണികളിലെ എക്കൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് KERI എന്ന സ്ഥാപനം പഠനം നടത്തുകയും മന്ത്രിസഭാ ഉപസമിതിയുടെ

മേൽനോട്ടത്തിൽ മണൽ നീക്കം ചെയ്യുന്നതിന്, വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തെന്മല നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി നടത്തിയ പഠനത്തിൽ തെന്മല ഡാമിന്റെ ജലസംഭരണശേഷി കുറഞ്ഞുവെന്നാണ് സുചിപ്പിക്കുന്നത്. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് ഈ വർഷം നടത്തിയ ഹൈഡ്രോഗ്രാഫിക് സർവ്വേയുടെ അടിസ്ഥാനത്തിൽ തെന്മല ഡാമിൽ നിന്നും മണൽ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**സബ്മിഷൻ**

(1) കുളമാവ് വാഹനാപകടത്തിൽപ്പെട്ടവർക്ക് ധനസഹായം

ശ്രീ. എ.എം. ആരിഫ്: 20-12-2010-ൽ കുളമാവിലുണ്ടായ വാഹനാപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും ധനസഹായം അനുവദിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): ഇടുക്കി ജില്ലയിലെ കുളമാവിലുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5000 രൂപ നൽകുകയും പരിക്കേറ്റവരെ തൊടുപുഴ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും അർഹമായ ധനസഹായം അനുവദിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്.

(2) രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനലിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണം

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എ.എം. യൂസഫും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: കൊച്ചി തുറമുഖത്തെ രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനൽ വല്ലാർപാടത്തേയ്ക്ക് മാറ്റുമ്പോൾ കൊച്ചി തുറമുഖത്ത് കണ്ടെയ്നർ ജോലി ചെയ്തിരുന്നവർക്ക് തൊഴിൽ സംരക്ഷണം ഉറപ്പാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : കൊച്ചി തുറമുഖത്തെ രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനൽ വല്ലാർപാടത്തേയ്ക്ക് മാറ്റുമ്പോൾ നിലവിൽ കൊച്ചി തുറമുഖത്ത് കണ്ടെയ്നർ ജോലിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പതിനായിരത്തിലധികം തൊഴിലാളികൾ ജോലി നഷ്ടപ്പെടുമെന്ന ആശങ്കയിലാണ്. ഈ വിഷയം സംബന്ധിച്ച് തൊഴിൽവകുപ്പുമന്ത്രിയുടേയും തൊഴിൽവകുപ്പിലെ ഉദ്യോഗസ്ഥരുടേയും സാന്നിധ്യത്തിൽ ചർച്ച നടത്തുകയുണ്ടായി. വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ പ്രവർത്തനക്ഷമമാകുന്നതോടെ രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനൽ പ്രവർത്തിപ്പിക്കുവാൻ സാഹചര്യമില്ലെങ്കിൽ പുതിയ ടെർമിനലിൽ ഈ തൊഴിലാളികൾക്ക് തൊഴിൽസംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് 28-12-2010 അർദ്ധരാത്രി മുതൽ തൊഴിലാളികൾ പണിമുടക്കുമെന്നാണ് യൂണിയനുകൾ അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറി തലത്തിൽ യോഗം വിളിക്കാനാണ് ഉദ്ദേശിക്കുന്നത്. അതനുസരിച്ചുള്ള അറിയിപ്പ് ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

(3) അംഗൻവാടി ടീച്ചർമാർക്കും വർക്കർമാർക്കും ജോലിയിൽ തുടരാനുള്ള അവസരം

ശ്രീ. വി. ഡി. സതീശൻ : ജോലി രാജിവച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ മത്സരിച്ച് പരാജയപ്പെട്ട

അംഗൻവാടി ടീച്ചർമാർ, വർക്കർമാർ, സാക്ഷരതാ പ്രേരക്മാർ തുടങ്ങിയവർക്ക് മുൻകാലപ്രാബല്യത്തോടെ ജോലിയിൽ തുടരാനുള്ള അവസരം നൽകാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : 2010-ലെ കേരള പഞ്ചായത്ത്രാജ്, മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനനൻസ് പ്രകാരം പാർട്ട്ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അയോഗ്യരാണെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് സ്വയം ജോലി രാജിവച്ച് തെരഞ്ഞെടുപ്പിൽ മത്സരിച്ച് പരാജയപ്പെട്ട ഈ വിഭാഗക്കാരെ മുൻകാലപ്രാബല്യത്തോടെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ല. അംഗൻവാടി ജീവനക്കാരും സാക്ഷരതാ പ്രേരക്മാരും തെരഞ്ഞടുപ്പിൽ മത്സരിക്കുന്നതിനായി രാജി വച്ചതുമൂലമുണ്ടായിട്ടുള്ള ഒഴിവിലേയ്ക്ക് നിശ്ചിത യോഗ്യതയുണ്ടെങ്കിൽ ഇവർക്കും അപേക്ഷിക്കാവുന്നതാണ്.

(4) മുൻസിഫ് കോടതികളിലെ കേസ് പരിധി

ശ്രീ. എം. ചന്ദ്രൻ : സംസ്ഥാനത്തെ മുൻസിഫ് കോടതികളുടെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സാമ്പത്തിക അധികാരപരിധി ഇരുപത്തിയഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിച്ച് മുൻസിഫ് കോടതി ആക്ട് ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : നിലവിലുള്ള നിയമമനുസരിച്ച് ഒരു ലക്ഷം രൂപവരെ മൂല്യമുള്ള സിവിൽ കേസ്സുകൾ മുൻസിഫ് കോടതികളിലും അതിന്

മുകളിലുള്ള കേസ്സുകൾ സബ് കോടതികളിലുമാണ് കൈകാര്യം ചെയ്തു വരുന്നത്. സബ് കോടതിയിൽ കേസ്സുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാൽ തീർപ്പ് കൽപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി മുൻസിഫ് കോടതികളിൽ കൈകാര്യം ചെയ്യുന്ന കേസ്സുകളുടെ മൂല്യപരിധി കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഹൈക്കോടതിയുമായി കൂടിയാലോചിക്കുന്നതാണ്.

(5) കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. തോമസ് ചാഴികാടൻ: കേരളത്തിൽ കഴിഞ്ഞ ഒക്ടോബർ-നവംബർ മാസങ്ങളിലുണ്ടായ മഴയിൽ കുട്ടനാട്ടിലെ നെൽകർഷകർക്കുണ്ടായ നാശത്തിന് നഷ്ടപരിഹാരം നൽകാനും പുനർകൃഷിക്ക് വിത്തും വളവും സൗജന്യമായി ലഭ്യമാക്കാനും കുട്ടനാട് പാക്കേജ് പദ്ധതികൾ നടപ്പാക്കാനും വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിക്കൊണ്ട് ആണ്ടുതോറുമുണ്ടാകുന്ന കൃഷിനാശത്തിൽ നിന്നും നെൽകർഷകരെ രക്ഷിക്കാനും അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കഴിഞ്ഞ ഒക്ടോബർ-നവംബർ മാസങ്ങളിലുണ്ടായ മഴയിൽ കൃഷിനാശം സംഭവിച്ചവർക്ക് ഇതൊരു പ്രത്യേക സാഹചര്യമായി കണക്കാക്കി സഹായം നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൃഷിനാശം സംഭവിച്ച നെൽകർഷകർക്ക് ഹെക്ടറിന് 10000 രൂപ നിരക്കിൽ 4000 രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 6000 രൂപ ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും നൽകുന്നതിനും പുതുതായി വിത്ത് വിതയ്ക്കേണ്ട കർഷകർക്ക് നിലം ഒരുക്കുന്നതിന് ഹെക്ടറിന് 6000 രൂപ നിരക്കിൽ ധനസഹായം നൽകു

ന്നതിനും 250 പാടശേഖരങ്ങളിൽ മണ്ണുറപ്പ് ചെയ്യുന്നതിനും വെള്ളപ്പൊക്ക സമയത്തുണ്ടായ അധികജലം പമ്പ് ചെയ്തുമാറ്റുന്നതിനുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 18.66 കോടി രൂപ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ 10.58 കോടി രൂപ റവന്യൂ വകുപ്പുവഴിയും 8.08 കോടി രൂപ കൃഷിവകുപ്പുവഴിയും നൽകുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൃഷിനാശം തടയുന്നതിന് കുട്ടനാടൻ പാക്കേജുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

(6) ഗുരുവായൂർ പ്രദേശത്തെ മോഷണശ്രമങ്ങൾ

ശ്രീ. കെ. വി. അബ്ദുൾഖാദർ: ഗുരുവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ വർദ്ധിച്ചുവരുന്ന മോഷണങ്ങളും കവർച്ചകളും ഫലപ്രദമായി തടയുന്നതിന് അവിടത്തെ പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനും പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഗുരുവായൂരിലുണ്ടായ മോഷണവുമായി ബന്ധപ്പെട്ട് മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ രണ്ട് കേസുകളിലെ പ്രതികളെ പിടികൂടുന്നതിന് പോലീസ് അന്വേഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിലെ പ്രതികളെ പിടികൂടുന്നതിന് അന്വേഷണം ഊർജ്ജിതപ്പെടുത്താൻ എസ്.പി.ക്ക് നിർദ്ദേശം നൽകുന്നതാണ്. പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ചും പ്രത്യേകം പരിശോധിക്കുന്നതാണ്.

(7) <u>റീ-സർവ്വേ</u>

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ:</u> ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ റീ-സർവ്വേ പൂർത്തിയായില്ല എന്ന കാരണത്താൽ 12154 കൃഷിക്കാരുടെ കൃഷിഭൂമിക്ക് റവന്യൂ വകുപ്പ് കരം സ്വീകരിക്കാത്തതിനാൽ കർഷകർ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>): ഉടുമ്പൻചോല താലൂക്കിലെ 23 വില്ലേജുകളിൽ 8 എണ്ണത്തിന്റെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. 13 വില്ലേജുകളിലെ റീ-സർവ്വേയുടെ ഫീൽഡ് ജോലികൾ പൂർത്തിയായിട്ടുണ്ട്. റീ-സർവ്വേ പൂർത്തിയാക്കിയ റിക്കാർഡുകൾ റവന്യൂവകുപ്പിന് കൈമാറിയിട്ടില്ലാത്ത വില്ലേജുകളിൽ പഴയ സർവ്വേ നമ്പരിൽ കരം ഒടുക്കുന്നതിന് സാങ്കേതിക തടസ്സങ്ങളില്ല. റീ-സർവ്വേ റിക്കാർഡ് റവന്യൂ വകുപ്പിന് കൈമാറിയ വില്ലേജിലെ പരാതികൾ പരിഹരിക്കുന്നതിന് അഡീഷണൽ തഹസീൽദാറുടെ നേതൃത്വത്തിൽ 1-7-2010 മുതൽ പുതിയ സംവിധാനം നിലവിലുണ്ട്.

(8) <u>പ്ലാസ്റ്റിക് മാലിന്യങ്ങൾ അസംസ്കൃത വസ്തുവാക്കി റോഡ് ടാറിംഗ്</u>

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u>: പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി പ്ലാസ്റ്റിക് മാലിന്യ സംസ്ക്കരണ യൂണിറ്റുകളുണ്ടാക്കി പ്ലാസ്റ്റിക് മാലിന്യങ്ങൾ അസംസ്കൃത വസ്തുവാക്കി റോഡ് ടാറിംഗിന് ഉപയോഗിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): പ്ലാസ്റ്റിക് മാലിന്യങ്ങൾ അസംസ്കൃത വസ്തുവാക്കി മാറ്റി റോഡ് ടാറിംഗ് നടത്തുന്ന സാങ്കേതികവിദ്യയുടെ പ്രായോഗികത സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കാനായി നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇൻഡ്യൻ റോഡ് കോൺഗ്രസ്, കേന്ദ്ര ഉപരിതല റോഡ് മന്ത്രാലയം എന്നിവയുടെ അംഗീകാരം നേടി ഇതുപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

(9) ഉപ്പുവെള്ളം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: കണ്ണൂർ ജില്ലയിലെ അഴീക്കോട് നിയോജ കമണ്ഡലത്തിൽപ്പെട്ട വളപട്ടണം പുഴയുടെ തീരദേശ പഞ്ചായത്തുകളിൽ ഉപ്പുവെള്ളം കയറുന്നതിന്റെ ഫലമായി കൃഷി നശിക്കുകയും കുടിവെള്ള ത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ പുഴയോര ങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും കുടിവെള്ളമെത്തിക്കുന്നതിനും കാർഷിക വിളകളുടെ നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനും ഉപ്പുവെള്ളം തടയാൻ താൽക്കാലികമായി ബണ്ട് നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഉപ്പുവെള്ളം കയറു ന്നത് തടയുന്നതിന് ശാസ്ത്രീയമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ ശാസ്ത്രജ്ഞരോട് ആവശ്യപ്പെടുന്നതാണ്. ബണ്ട് കെട്ടുന്നതിനും കുടിവെള്ള മെത്തിക്കുന്നതിനും അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി എസ്റ്റിമേറ്റ് ഉൾപ്പെടെ സമർപ്പിക്കുന്നതിന് ജില്ലാകള

ക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്ന് മാനദണ്ഡങ്ങൾക്കനുസരിച്ച് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(10) യോഗ്യതയില്ലാത്ത അദ്ധ്യാപകരുടെ നിയമനം

ശ്രീ. കെ.ബി. ഗണേഷ് കുമാർ: ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കോളേജുകളിൽ അയോഗ്യരായ അദ്ധ്യാപകർ പഠിപ്പിക്കുകയാണ്. ഏതെങ്കിലും താഴ്ന്ന തസ്തികകളിൽ കടന്നുകൂടിയ ശേഷം വിദൂര സർവ്വകലാശാലകളിൽ നിന്നും ഡിഗ്രികൾ സമ്പാദിച്ച് വകുപ്പുമേധാവികളുടേയും പ്രിൻസിപ്പാളിന്റേയും ചുമതലകൾ വഹിക്കുന്ന ഒരു പ്രവണത വ്യാപകമായിരിക്കുകയാണ്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഐ.എച്ച്.ആർ.ഡി.-യുടെ നിയന്ത്രണത്തിൽ 9 എൻജിനീയറിംഗ് കോളേജുകളാണുള്ളത്. ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിഷ്ക്കർഷിക്കുന്ന യോഗ്യതയുള്ളവരെ മത്സര പരീക്ഷയും ഇന്റർവ്യൂവും നടത്തി സംവരണതത്വം പാലിച്ചുകൊണ്ടാണ് അദ്ധ്യാപകരായി നിയമിക്കുന്നത്. ഇത്തരം നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാനുള്ള സംവിധാനവും നിലവിലുണ്ട്. ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് വിമർശനം ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുന്നതും ആ പരിശോ

ധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ കർശനമായ നടപടി കൈക്കൊള്ളുന്നതുമാണ്.

(11) <u>സ്വാശ്രയ മേഖലയിലെ സേവന-വേതന വ്യവസ്ഥകൾ</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സ്വാശ്രയ കോളേജുകളിലെ അദ്ധ്യപകരുടേയും അനദ്ധ്യാപകരുടേയും സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം.എ. ബേബി</u>) : ഇന്ത്യയുടെ എല്ലാ സംസ്ഥാനങ്ങളിലും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ളതുകൊണ്ട് സ്വാശ്രയമേഖലയിൽ ഒരു കേന്ദ്ര നിയമം അനിവാര്യമാണ്. ഈ വിഷയം സംബന്ധിച്ച് സർക്കുലേറ്റ് ചെയ്യപ്പെട്ട കേന്ദ്ര നിയമത്തിന്റെ കരടിന് പല പോരായ്മകളുമുണ്ടെന്ന കാരണത്താൽ അത് പാർലമെന്റിൽ അവതരിപ്പിക്കുകയുണ്ടായില്ല. അടുത്ത പാർലമെന്റ് സമ്മേളനത്തിലെങ്കിലും ഇത്തരം ഒരു നിയമം കൊണ്ടുവരുന്നതിനുള്ള കൂട്ടായ ശ്രമം നടത്തേണ്ടതുണ്ട്. സ്വാശ്രയ വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ, വിശേഷിച്ച് അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയമിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

(12) <u>വെബ്ളി പാലത്തിന്റെ പുനർനിർമ്മാണം</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u> : പ്രകൃതിക്ഷോഭത്തിലും ഉരുൾപൊട്ടലിലുംപെട്ട് തകർന്ന പീരുമേട് താലൂക്കിലെ വെബ്ളി പാലവും അനുബന്ധ റോഡുകളും പുനരുദ്ധരിക്കുന്നതിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : സംസ്ഥാനത്തിന്റെ വിവിധ മലയോരപ്രദേശങ്ങളിൽ ഉരുൾപൊട്ടലുണ്ടായ മേഖലകളുടെ പുനരുദ്ധാരണത്തിന് 10 കോടി രൂപ അഡീഷണലായി കഴിഞ്ഞ മന്ത്രിസഭാ യോഗം അനുവദിച്ചിട്ടുണ്ട്. ഈ പാലത്തിന്റെയും റോഡുകളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കാൻ ശ്രമിക്കുന്നതാണ്. 2011 ജനുവരി 10 മുതൽ 13 വരെ കേന്ദ്ര സംഘം നടത്തുന്ന സംസ്ഥാന സന്ദർശനത്തിൽ ഇടുക്കി ജില്ലയിലെ ഈ പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തുന്നതാണ്.

(13) കാരായ്മ-കുടിയാന്മാരുടെ സൗകര്യാവകാശങ്ങൾ

ശ്രീ. എ. പ്രദീപ് കുമാർ : കോഴിക്കോട്-പൊന്നാനി താലൂക്കുകളിലുള്ള കാരായ്മ-കുടിയാന്മാർക്ക് സൗകര്യാവകാശം ഉറപ്പുവരുത്താനാവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : കാരായ്മ കുടിയാന്മാരെ സംരക്ഷിക്കുന്നതിന് നിയമ വകുപ്പ് തയ്യാറാക്കിയ കരട് ബില്ലിന്മേൽ നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി ചർച്ച നടത്തുകയും അതിൽ കെ.എൽ.ആർ ആക്റ്റിലെ 53-ാമത് സെക്ഷൻ ഭേദഗതി ചെയ്ത് ജന്മിമാർക്ക് കോമ്പൻസേഷൻ നൽകണമെന്ന നിർദ്ദേശത്തിന്മേൽ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുകയും ഇക്കാര്യത്തിൽ ഒരു ബദൽ നിർദ്ദേശം കൊണ്ടുവരണമെന്നുമുള്ള സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം നിയമ വകുപ്പുമായി ചർച്ച ചെയ്തുവരികയുമാണ്.

(14) പബ്ളിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകൾ

ശ്രീ. എ.സി. മൊയ്തീൻ: തൃശ്ശൂർ ജില്ലയിൽ നിലവിലുള്ള ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സുമാരുടെ ഒഴിവുകളിലേയ്ക്ക് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): തൃശൂർ ജില്ലയിൽ ജെ.പി.എച്ച്.എൻ.-മാരുടെ രണ്ട് വേക്കൻസി മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2:1 എന്ന അനുപാതത്തിലാണ് പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2, ഗ്രേഡ്-1 എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശൂർ ജില്ലയിലെ 42 പേരുൾപ്പെടെ 645 പേർക്ക് പി.എസ്.സി.വഴി നിയമനം ലഭിച്ചിട്ടുണ്ട്. ഹെൽത്ത് സൂപ്പർവൈസർ തസ്തിക ഉൾപ്പെടെ 158 തസ്തികകളും ഫിൽ ചെയ്തിട്ടുണ്ട്. തൃശൂർ, പാലക്കാട് ജില്ലകളിൽ ഗ്രേഡ്-1 പ്രൊമോഷൻ തസ്തികയിൽ നിശ്ചിത വേക്കൻസികൾ ഒഴിഞ്ഞുകിടക്കുകയാണ്. 2008-ലെ സീനിയോറിട്ടി ലിസ്റ്റ് പ്രകാരം പ്രൊമോഷനുകൾ നൽകിയപ്പോൾ ചിലരെ നിലവിലുള്ള ജില്ലകളിൽത്തന്നെ നിലനിർത്തുന്ന അവസ്ഥാവിശേഷമുണ്ടായതുകൊണ്ടാണ് കോട്ടയം, എറണാകുളം, ആലപ്പുഴ ജില്ലകളിൽ ഗ്രേഡ്-1 തസ്തികയിലുള്ളവർ കൂടുതലായി വന്നത്. സംസ്ഥാനാടിസ്ഥാനത്തിൽ വേക്കൻസികളില്ല. പെൻഷനാകുന്ന മുറയ്ക്ക് ട്രെയിനിംഗ് പാസ്സാകുന്നവർക്ക് പ്രൊമോഷൻ നൽകാൻ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(15) <u>ബി.പി. എൽ.ലിസ്റ്റ്</u>

<u>ശ്രീ. എം. ഉമ്മർ</u> : മൂന്നുപ്രാവശ്യം സർവ്വേ നടത്തിയിട്ടും സംസ്ഥാനത്ത് ഇതുവരെ ബി.പി.എൽ പട്ടിക പുറത്തിറക്കാൻ കഴിഞ്ഞിട്ടില്ല. പാവപ്പെട്ടവർക്ക് കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരമുള്ള ഫണ്ടുകൾ ലഭിക്കത്തക്ക നിലയിൽ നീതിപൂർവ്വവും കുറ്റമറ്റതുമായ ബി.പി.എൽ പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി)</u> : കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശാനുസരണം ഗ്രാമ പ്രദേശങ്ങളിലെ ദാരിദ്ര്യരേഖാ സെൻസസ് 2003 ഏപ്രിൽ-ജൂൺ മാസങ്ങളിൽ നടത്തിയിരുന്നെങ്കിലും സുപ്രീംകോടതി സ്റ്റേയെ തുടർന്ന് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കാൻ കഴിയാതെ വന്നു. 2005 ഒക്ടോബർ മാസം സുപ്രീംകോടതി സ്റ്റേ നീക്കിയെങ്കിലും പ്രസ്തുത സെൻസസിലൂടെ ശേഖരിച്ച വിവരങ്ങളെ സംബന്ധിച്ച് വ്യാപകമായ പരാതികളുണ്ടായ സാഹചര്യത്തിൽ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ വഴി പരിശോധിച്ച് പോരായ്മകൾ പരിഹരിക്കാനുള്ള ശ്രമം ഫലപ്രദമാകാത്തതിനാൽ വീണ്ടും 2009-ൽ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി പുതിയ സർവ്വേ നടത്തി ഗ്രാമ-വാർഡുസഭകളിൽ പരിശോധിച്ച് സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് വെയിറ്റേജ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടത്. ഇതുസംബന്ധിച്ച് എത്രയുംപെട്ടെന്ന് തീരുമാനമെടുക്കുന്നതാണ്. ദാരിദ്ര്യരേഖ പട്ടിക തയ്യാറാകാത്തതുമൂലം ആനുകൂല്യം നഷ്ടപ്പെടുന്ന അർഹരായ കുടുംബങ്ങൾക്ക് വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ആനുകൂല്യം നൽകുന്നതാണ്.

നിലവിൽ ബി.പി.എൽ റേഷൻകാർഡുള്ള കുടുംബങ്ങൾക്ക് കാർഡ് പുതുക്കി നൽകുന്നുണ്ട്. ഇതുസംബന്ധിച്ച് അടിയന്തിരമായി തീരുമാനമെടുക്കുന്നതാണ്.

(16) <u>സോഷ്യലിസ്റ്റ് ജനതാ പാർട്ടിയുടെ ഓഫീസുകൾക്കും പ്രവർത്തകർക്കും നേരെ നടന്ന ആക്രമണം</u>

<u>ശ്രീ. എം.കെ. പ്രേംനാഥ്:</u> അന്തരിച്ച പി.ആർ. കുറുപ്പിന്റേയും ശ്രീ. കെ.പി.മോഹനൻ എം.എൽ.എയുടേയും പാനൂരിലെ വീടും ആറോളം സോഷ്യലിസ്റ്റ് ജനതാ ഓഫീസുകളും ഡിസംബർ മാസം 6-ാം തീയതി ആക്രമിക്കപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> പെരിങ്ങളം നിയോജകമണ്ഡലം എം.എൽ.എ -യുടെ പുത്തൂരിലുള്ള വീടിന് നേരെയുണ്ടായ അക്രമസംഭവം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്യുകയും ഐ.ജി. സംഭവസ്ഥലം സന്ദർശിക്കുകയും തലശ്ശേരി ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഊർജ്ജിതമായി അന്വേഷണം നടത്തുകയുമാണ്. ബഹുമാനപ്പെട്ട അംഗത്തിന് armed police-ന്റെ സുരക്ഷാ സംവിധാനം നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വടകരയിലെ ഓഫീസ് ബോംബെറിഞ്ഞത് സംബന്ധിച്ചും പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതുമായി ബന്ധപ്പെട്ടവരെ പിടികൂടാൻ കണ്ണൂർ റേഞ്ച് ഐ.ജി.-യെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

(17) <u>ഫിഷറീസ് കോളേജ്</u>

<u>ശ്രീ. പള്ളിപ്രം ബാലൻ</u> : കേരളത്തിൽ ഫിഷറീസ് സർവ്വകലാശാല സ്ഥാപിതമാകാൻ പോകുന്ന സാഹചര്യത്തിൽ കാർഷിക കോളേജിന്റെ

ഭാഗമായി കാസർഗോഡ് ജില്ലയിൽ ഒരു ഫിഷറീസ് കോളേജ് സ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ഫിഷറീസ് സർവ്വകലാശാല സ്ഥാപിതമാകുന്നതോടുകൂടി തെക്കൻ കേരളത്തിലും വടക്കൻ കേരളത്തിലും റീജിയണൽ സെന്ററുകൾ ആരംഭിക്കാൻ ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

## അറിയിപ്പ്

ശ്രീ മഞ്ഞളാംകുഴി അലിയുടെ രാജി

മി. സ്പീക്കർ : മങ്കട നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. മഞ്ഞളാംകുഴി അലി ഒക്ടോബർ മാസം 30-ാം തീയതി കേരള നിയമസഭയിൽ നിന്നും രാജിവച്ച വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച 169-ാം ചട്ടത്തിന്റെ 5-ാം ഉപ ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനപ്രകാരം സഭയെ അറിയിക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010-നെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ, 2010-നെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റി മൂന്ന് മുതൽ തൊണ്ണൂറ്റിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിമുപ്പത്തിയൊന്ന് മുതൽ നൂറ്റിനാൽപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറ് മുതൽ മുപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

ശ്രീ. കെ. സി. ജോസഫ് : കാര്യോപദേശക സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് അതേ കമ്മിറ്റിയുടെ സമഗ്രപരിഗണനയ്ക്കായി മടക്കി അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കെ. കരുണാകരന്റെ നിര്യാണം സംബന്ധിച്ച റഫറൻസ് വന്നതുമൂലം 27-ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന കേരള പോലീസ് ബില്ലിന്റെ പരിഗണന ജനുവരി 3-ലേയ്ക്ക് മാറ്റിവച്ചിരിക്കുകയാണ്. ഈ നടപടി അനൗചിത്യവും ഭരണഘടനയ്ക്ക് വിരുദ്ധവുമാണ്. വർഷാരംഭത്തിൽ ആദ്യം വരുന്ന നിയമസഭാ സമ്മേളനത്തിൽ ഗവർണ്ണർ സഭയെ അഭിസംബോധന ചെയ്യണമെന്നാണ് ഭരണഘടനയിൽ പറയുന്നത്. സഭയിലെ കീഴ്വഴക്കവും അതാണ്. അതിന് വിരുദ്ധമായി ജനുവരി 3-ാം തീയതിയിലെ സമ്മേളനം പഴയ സമ്മേളനത്തിന്റെ തുടർച്ചയാണെന്ന സാങ്കേതികവാദത്തിൽ പിടിച്ച് ഗവൺമെന്റ് രക്ഷപ്പെടാൻ ശ്രമിക്കരുത്. ഇന്ന് സഭയിൽ സമർപ്പിച്ച കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി

ബിൽ, 2010-നെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ ക്ലാസ് ബൈ ക്ലാസ്സിനുള്ള അമൻഡ്മെന്റ് കൊടുക്കുന്നതിന് മൂന്നുമണി വരെ സമയം നിശ്ചയിച്ചിരിക്കുന്നതുവഴി ഗവൺമെന്റ് സഭയിലെ നിയമനിർമ്മാണത്തിനുള്ള പ്രാധാന്യം കുറയ്ക്കുകയാണ് ചെയ്യുന്നത്. അംഗങ്ങൾക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് വായിച്ച് മനസ്സിലാക്കാനുള്ള അവസരം കൊടുക്കണം. ഇത്രയും ധൃതിപിടിച്ച് നിയമനിർമ്മാണം നടത്തേണ്ട ആവശ്യമില്ല. സഭ നിയമനിർമ്മാണത്തിന് കുറേക്കൂടി ഗൗരവം കൊടുക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഇന്നലെ കൂടിയ ബി. എ. സി. എടുത്ത തീരുമാനമാണിത്. ഭരണഘടനാ വ്യവസ്ഥയനുസരിച്ച് ഒരു വർഷാദ്യ സമ്മേളനത്തിൽ ഗവർണ്ണർ അഭിസംബോധന ചെയ്യേണ്ടതാണെന്നുള്ളതിന് ഇവിടെ പ്രസക്തിയില്ല. ഇവിടെ വന്ന നിർദ്ദേശം ചർച്ചചെയ്ത് തീരുമാനിക്കാം. സർക്കാർ ഇക്കാര്യത്തിൽ തുറന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ബി.എ.സി.-യിൽ വന്ന അഭിപ്രായമനുസരിച്ചാണ് 27-12-2010-ലെ ബിസിനസ് 3-1-2011-ലേയ്ക്ക് മാറ്റേണ്ടിവന്നത്. നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയ പോലീസ് ബിൽ പാസ്സാക്കാൻ എല്ലാവരും സഹകരിക്കണം.

ഭേദഗതി നിരാകരിക്കപ്പെട്ടു.

കാര്യോപദേശക സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ധനകാര്യം**

<u>2010–2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും</u>

2010–2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

<u>ശ്രീ. പി.സി.വിഷ്ണുനാഥ്</u>: ഉപധനാഭ്യർത്ഥകളെ എതിർക്കുന്നു. അധികാര ദുർവിനിയോഗത്തിൽക്കൂടി ഗവൺമെന്റുതന്നെ നിയമനത്തട്ടിപ്പുകൾക്ക് കൂട്ടുനിൽക്കുകയാണ്. ധനകാര്യ വകുപ്പോ ബ്യൂറോ ഓഫ് പബ്ളിക് എന്റർപ്രൈസസോ അറിയാതെ പുതുതായി സൃഷ്ടിച്ച 1919 തസ്തികകളിൽ പിൻവാതിൽ നിയമനം നടത്താനുള്ള നീക്കത്തെ സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധന നടത്തണം. പി.എസ്.സി. ചെയർമാന്റെ നിയമനംപോലും വിവാദത്തിലാകുകയാണ്. കോഴിക്കോട് സർവ്വകലാശാലാ വി.സി.യുടെ നിയമനവും നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്താൻ പോകുകയാണ്. കേരള സർവ്വകലാശാല നിയമനങ്ങളുമായി ബന്ധപ്പെട്ട് നടന്ന അഴിമതി ശരിവച്ചുകൊണ്ടുള്ള ജസ്റ്റിസ് സുകുമാരൻ കമ്മീഷൻ റിപ്പോർട്ട് പുറത്തുവന്നിരിക്കുകയാണ്. വ്യാജനിയമനങ്ങൾ നടത്താൻ കൂടുതൽ സൗകര്യമുണ്ടായത് സൂപ്പർന്യൂമററി സംവിധാനം കൊണ്ടുവന്നതുകൊണ്ടാണ്. പലതരത്തിലുള്ള അന്വേഷണങ്ങളുടെ മറവിൽ നിയമനത്തട്ടിപ്പ് നടത്തിയവരെ സംരക്ഷിക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും റവന്യൂ വകുപ്പുമന്ത്രിക്ക് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. ഇതുസംബന്ധിച്ച അന്വേഷണങ്ങളെല്ലാം പ്രഹസനങ്ങളാണ്.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: ഉപധനാഭ്യർത്ഥകളെ അനുകൂലിക്കുന്നു. രണ്ടുവർഷമായി ഒറ്റ ദിവസംപോലും ഓവർഡ്രാഫ്റ്റ് ഉണ്ടാകാതെ സർക്കാർ

ജീവനക്കാരുടെ ക്ഷാമബത്ത, സാമൂഹ്യക്ഷേമ പെൻഷനുകൾ, കരാറുകാരുടെ കുടിശ്ശിക എന്നിവയൊക്കെ കൊടുത്തു തീർത്ത ഗവൺമെന്റാണിത്. 2009-2010 വർഷത്തിൽ 5000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് അനുമതി കൊടുത്തത്. ഈ സർക്കാർ റവന്യൂ കമ്മി കുറച്ച് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു. പതിനാലാം ധനകാര്യ കമ്മിഷന്റെ സംസ്ഥാന വിഹിതവും കേന്ദ്ര നികുതിവിഹിതവും വെട്ടിച്ചുരുക്കിയിരിക്കുകയാണ്. ഈ ഗവൺമെന്റ് ക്ഷേമപെൻഷനുകൾ അഡ്വാൻസായി കൊടുക്കുകയും വിവിധ കടാശ്വാസ പദ്ധതികൾക്കുവേണ്ടി 500 കോടി രൂപയും 2 രൂപയ്ക്ക് അരി നൽകുന്നതിനായി 500 കോടി രൂപയും ചെലവഴിക്കുകയും ചെയ്തു. പരമ്പരാഗതമേഖലകളായ കയർ, കൈത്തറി എന്നിവയ്ക്കും ചെറുകിട വ്യവസായമേഖലയ്ക്കും കൂടുതൽ തുക അനുവദിക്കുകയും നഷ്ടത്തിലായിരുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കുകയും ചെയ്തു. ഇത്രയും മെച്ചപ്പെട്ട ധനകാര്യമാനേജുമെന്റ് കേരളത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. കേരള ചരിത്രത്തിൽ ആദ്യമായി വാർഷിക പദ്ധതി പതിനായിരം കോടി കവിഞ്ഞിരിക്കുകയാണ്. നികുതി വർദ്ധിപ്പിക്കാതെ വരുമാന വർദ്ധനയുണ്ടാക്കുന്ന കാര്യത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് മാതൃക കാണിച്ചിരിക്കുകയാണ്. നികുതി ചോർച്ച തടഞ്ഞ് ശാസ്ത്ര-സാങ്കേതിക രംഗത്തെ മികവ് ഉപയോഗപ്പെടുത്തി നികുതി വരുമാനരംഗത്ത് കാര്യക്ഷമത തെളിയിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. സമ്പന്നന്മാരുടെ കയ്യിൽ വരുമാനം കുമിഞ്ഞുകൂടാനുള്ള നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നതുമൂലം രൂക്ഷമായ വിലക്കയറ്റമുണ്ടാകുന്നു. മെച്ചപ്പെട്ട

ധനകാര്യ മാനേജ്മെന്റിലൂടെ കേരളത്തെ മുന്നോട്ടു നയിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. കെ.എം. മാണി: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര സഹായങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞി ട്ടില്ല. വികസനപ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കാതിരുന്നാൽ ധനകമ്മി കുറയ്ക്കാൻ കഴിയും. ഗവൺമെന്റ് പ്ലീഡർമാരുടെ കേസ് നടത്തിപ്പ് മോണിറ്റർ ചെയ്യാൻ ഗവൺമെന്റിന് ഒരു സംവിധാനവുമില്ല. വളരെ മോശമായി പ്രവർത്തിക്കുന്ന ഗവൺമെന്റ് പ്ലീഡർമാർക്കും അവരുടെ ആഫീസിനും വേണ്ടി കൊണ്ടുവന്നിരിക്കുന്ന ഉപധനാഭ്യർത്ഥന പാസ്സാക്കാൻ പാടില്ലാത്തതാണ്. ധനകാര്യമന്ത്രിയുടെ അവകാശവാദങ്ങളെ നിരാകരിക്കുന്ന രീതിയിലാണ് സി.എ.ജി. റിപ്പോർട്ട് പുറത്തുവന്നിരിക്കുന്നത്. വികസന രംഗത്ത് കേരളത്തിന്റെ സ്ഥിതി ആൾ ഇൻഡ്യാ ആവറേജിന് വളരെ പിറകി ലാണ്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണമെങ്കിൽ എസ്.ടി.പി. ഗ്രോത്ത് ആ ക്സിലറേറ്റ് ചെയ്യണം. അതിന് പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേ ണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സ്ഥായിയായ വികസനത്തിനുവേണ്ടി പ്രഖ്യാപി ക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. 995 കോടി രൂപ എ.ഡി.ബി. വായ്പ എടുത്തിട്ട് 175 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ എന്നത് കുറ്റകരമായ അനാസ്ഥയാണ്. വിഴിഞ്ഞം ഹാർബറിന് 2006-ൽ കേന്ദ്രാനുമതി ലഭിച്ച് ടെണ്ടർ വിളിച്ചെങ്കിലും മൂന്നുവർഷത്തിനു ശേഷം ടെണ്ടർ ക്യാൻസൽ ചെയ്ത് പുതിയ രീതിയിൽ നടപ്പാക്കാൻ കേന്ദ്രാനുമതിയ്ക്കായി എഴുതിയിരിക്കുകയാണ്. വിഴിഞ്ഞം ഹാർബർ, സ്മാർട്ട് സിറ്റി എന്നീ പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ ശ്രമിക്കണം. സർക്കാ

രിന്റെ ധാരണയ്ക്ക് വിപരീതമായി ടീകോം കമ്പനി പ്രവർത്തിച്ചുവെങ്കിൽ എഗ്രിമെന്റ് ക്യാൻസൽ ചെയ്ത് പുതിയ മാർഗ്ഗം കണ്ടെത്തണം. വികസനോന്മുഖ പ്രവർത്തനങ്ങൾ നടത്തുന്നതിന് യാതൊരു താൽപ്പര്യവുമില്ലാത്ത ഗവൺമെന്റാണിത്. കേന്ദ്രത്തിന്റെ അപ്രൂവൽ വാങ്ങി കുട്ടനാട് പാക്കേജ് നടപ്പാക്കാനും ഇടുക്കി പാക്കേജിന് വേണ്ടിയുള്ള പ്രോജക്ട് നൽകാനും നടപടി സ്വീകരിക്കണം. സുനാമി ദുരിതാശ്വാസത്തിന് അനുവദിച്ച മുഴുവൻ തുകയും ലാപ്സാക്കിയിരിക്കുകയാണ്. സംസ്ഥാനത്തെ റോഡുകൾ ഗതാഗതയോഗ്യമാക്കണം. ഉദ്യോഗ നിയമനങ്ങളിലെ അഴിമതി അവസാനിപ്പിക്കണം. മണൽ മാഫിയ, ഭൂ മാഫിയ, ലോട്ടറി മാഫിയ എന്നിവയ്ക്ക് കൂട്ടുനിൽക്കുന്ന സർക്കാരാണിത്.

<u>ശ്രീ. കെ. രാജു</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ എല്ലാ മേഖലകളിലും അഴിമതി നടക്കുമ്പോഴാണ് പ്രതിപക്ഷം സംസ്ഥാന ഗവൺമെന്റിനെ കുറ്റം പറയുന്നത്. പെട്രോളിനും ഡീസലിനും പലപ്രാവശ്യം വില വർദ്ധിപ്പിക്കുകയും റെയിൽവേ ചരക്കുകൂലി വർദ്ധിപ്പിക്കുകയും ചെയ്തതിലൂടെ നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കാനുള്ള അവകാശം കുത്തക കമ്പനികൾക്ക് നൽകിയിരിക്കുകയാണ്. സുനാമി ഫണ്ട് ചെലവഴിക്കുന്നതിൽ സുതാര്യത കൈവരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. ടൂറിസം മേഖലയിൽ വമ്പിച്ച പുരോഗതിയുണ്ടായി. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുകയും പാലക്കാട് ജില്ലയെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയാക്കി പ്രഖ്യാപിക്കുകയും ചെയ്തു. പാൽ, മാംസോൽപ്പാദനം, മൃഗസംരക്ഷണം എന്നീ മേഖലകളിൽ വമ്പിച്ച നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. നെല്ലുൽപ്പാദനത്തിൽ വളരെയേറെ മുന്നോട്ടു

പോകാൻ സാധിച്ചു. സഹകരണ മേഖലയിൽ വിവിധയിനം പദ്ധതികൾ ആവിഷ്ക്കരിച്ച് കോടിക്കണക്കിന് രൂപയുടെ നിക്ഷേപം സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ മണ്ഡലങ്ങളിലും കൺസ്യൂമർ ഫെഡ് വഴി പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കാൻ സാധിച്ചു. റേഷൻ വിതരണം സജീവമാക്കി. പൊതുജനാരോഗ്യ രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. മികച്ച ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി വിവിധ വകുപ്പുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ സാധിച്ചു. ട്രഷറി നിയന്ത്രണം ഇല്ലാതാക്കി. സർക്കാരിന്റെ കാലാവധി തീരുന്നതിനുമുമ്പ് പുതിയ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ക്ഷാമബത്ത യഥാസമയം വിതരണം ചെയ്യാൻ കഴിഞ്ഞു. പി.ഡബ്ല്യു.ഡി. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർത്തു. പുതിയ നികുതികളൊന്നുംതന്നെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാതെ വമ്പിച്ച തോതിലുള്ള വികസന പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയ തുക ഫലപ്രദമായി വിനിയോഗിക്കണം. പദ്ധതി പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക വളരെ കുറവാണ്. കേന്ദ്ര പദ്ധതികൾക്കനുവദിച്ച തുക സംസ്ഥാനം ശരിയായ രീതിയിൽ വിനിയോഗിക്കണം. കൃഷി, വ്യവസായം തുടങ്ങിയ മേഖലകളിൽ കേരളം പിന്നിലാണ്. നികുതി വരുമാനം ജനോപകാരപ്രദമായ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ നടപടി സ്വീകരിക്കണം. വളരെ അനിവാര്യമായ സാഹചര്യത്തിൽ മാത്രം കൊണ്ടുവരേണ്ട ഉപധനാഭ്യർത്ഥനകൾ ഇപ്പോൾ കൊണ്ടുവന്നതെന്തിനാണെന്ന് വ്യക്തമാക്കണം. സംസ്ഥാനത്ത് തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടി

രിക്കുകയാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പിൻവാതിലിലൂടേയും താൽക്കാലികമായും നിയമനങ്ങൾ നടത്തി ഭരണഘടന വാഗ്ദാനം ചെയ്ത സംവരണതത്വം അട്ടിമറിക്കുന്നു. നിയമനത്തട്ടിപ്പ്, ഭൂമാഫിയ, അന്യസംസ്ഥാന ലോട്ടറി, ലിക്വർ മാഫിയ തുടങ്ങിയവരെ സംരക്ഷിക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. എ. എ. അസീസ്</u> :വികസന പ്രവർത്തനങ്ങൾ സർവ്വകാല റിക്കാർഡാക്കി മാറ്റിയ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നിത്യോപയോഗ സാധനങ്ങളുടെ വില ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. കേന്ദ്ര ഗവൺമെന്റ് കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാനുള്ള അനുമതി നൽകിയതിന്റെ ഫലമായി കാർഷികോൽപ്പന്നങ്ങളുടെ വില ഇടിയുന്നു. കാലം തെറ്റിയുള്ള അതിവർഷത്തിൽ തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുമ്പൊരിക്കലും ഉണ്ടാകാത്തവിധം ഓരോ നിയോജകമണ്ഡലത്തിലും വികസനപ്രവർത്തനങ്ങൾ നടത്താൻ ഫണ്ട് അനുവദിച്ചിരിക്കുകയാണ്.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാക്കാനും പുതിയവ ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ട്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനം സ്വാഗതാർഹമാണ്. അഴിമതി ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ച് വികസന പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സ്റ്റേഷനറി വകുപ്പിൽ നവീകരണമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. മാതൃകാപരമായ ധനകാര്യ മാനേജുമെന്റ് നടപ്പിലാക്കിയ സർക്കാരാണിത്.

<u>ശ്രീ. എം. ചന്ദ്രൻ:</u> ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ജനസേവനത്തിന്റേയും ക്ഷേമത്തിന്റേയും പ്രവർത്തനങ്ങളാണ് ഇക്കഴിഞ്ഞ അഞ്ചുവർഷക്കാലം ഉണ്ടായിട്ടുള്ളത്. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 2 രൂപ നിരക്കിൽ 41 ലക്ഷം കുടുംബങ്ങൾക്ക് അരിയും ഗോതമ്പും നൽകുന്നത് നിസ്സാരകാര്യമല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രകടന പത്രികയിൽ പറഞ്ഞിരുന്ന കാര്യങ്ങളെല്ലാം ചെയ്തുതീർത്തിട്ടുണ്ട്. അഴിമതിരഹിത ഭരണമാണ് ഈ സർക്കാർ കാഴ്ചവയ്ക്കുന്നത്. പൊതുഭരണത്തിനും ക്രമസമാധാനപാലനത്തിനും മറ്റും അവാർഡുകൾ നേടിയെടുക്കാൻ ഗവൺമെന്റിനു കഴിഞ്ഞു. ലോട്ടറികേസിൽ ഒരു നടപടിയും യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് ലോട്ടറി മാഫിയയ്ക്ക് അനുകൂലമാണെന്ന തരത്തിലുള്ള പ്രചാരണമാണ് ഇപ്പോൾ യു.ഡി.എഫ്. നടത്തുന്നത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 42.37 ശതമാനം വോട്ട് എൽ.ഡി.എഫ്.-ന് ലഭിച്ചതുതന്നെ ഈ ഗവൺമെന്റിന് ജനകീയ അടിത്തറയുണ്ടെന്നതിനുള്ള തെളിവാണ്.

<u>ശ്രീ. കെ.കെ. ഷാജു:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഉപധനാഭ്യർത്ഥന നടത്താനുള്ള ധാർമ്മികമായി അവകാശം ഈ സർക്കാരിനില്ല. രാഷ്ട്രീയ സദാചാരം ഈ ഗവൺമെന്റിന് ഇല്ലാതായിരിക്കുന്നു. സംസ്ഥാനത്തിന്റെ പൊതുകടം 72000 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. പി.എസ്.സി.-യോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചോ അറിയാതെ 9 പൊതുമേഖലാ സ്ഥാപനങ്ങളിലായി 1919 ആളുകളെ ഏത് മാർഗ്ഗത്തിലൂടെയാണ് നിയമിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കണം. ലോട്ടറി മാഫിയയെ

സംരക്ഷിച്ച് നിർത്തിയ ആളുകൾക്കെതിരായി ഇപ്പോൾ ഭരണപക്ഷത്തുനിന്നു തന്നെ നടപടി വന്നിരിക്കുന്നു. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കേരളത്തിലെ ക്രമ സമാധാനനില തകർത്തു. ജനങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്ന ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ട ഒരു ഭരണമാണ് സംസ്ഥാനത്ത് നടക്കുന്നത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും കേന്ദ്ര സർക്കാരിനും അഭിമാനിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനമാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു ദിവസംപോലും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയില്ല. വികസന പ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കാനും 5000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകാനും സാധിച്ചു. 2009-10-ലെ പദ്ധതിച്ചെലവ് 95 ശതമാനമാക്കാൻ കഴിഞ്ഞുവെന്നത് ഈ സർക്കാരിന്റെ സുപ്രധാന നേട്ടമാണ്. റവന്യു കമ്മി കുറയ്ക്കാൻ സാധിച്ചു. 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാന വിഹിതം വെട്ടിക്കുറച്ച നടപടി പ്രതിഷേധാർഹമാണ്. ധനകമ്മി കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന മാക്സിമം പരിധിയിൽനിന്ന് താഴെ കൊണ്ടുവന്നത് വലിയ നേട്ടമാണ്. മൂലധനച്ചെലവ് കൂട്ടാനും പൊതുകടം കുറയ്ക്കാനും സാധിച്ചു. ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കുകയും കുടിശ്ശികയില്ലാതെ കൊടുത്തു തീർക്കുകയും ചെയ്തു. നിത്യോപയോഗ സാധനങ്ങൾ അന്യായമായി കയറ്റുമതി ചെയ്ത് കൃത്രിമക്ഷാമം സൃഷ്ടിച്ച് വില വർദ്ധനവുണ്ടാക്കി

കുത്തക കമ്പനികളെ സഹായിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. പെട്രോൾ വില വർദ്ധിപ്പിച്ചു. റെയിൽവേ ചരക്കുകൂലിയും പാചകവാതക വിലയും വർദ്ധിപ്പിക്കാൻ പോവുകയാണ്. വ്യാജ ലോട്ടറി നടത്തിപ്പിന് കേന്ദ്ര ഗവൺമെന്റ് സഹായം ചെയ്തുകൊടുക്കുകയാണ്.

ശ്രീ. പി.ടി.എ റഹീം: ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. അടുത്ത മാർച്ച് മാസത്തിനകം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ എണ്ണം 100 ആക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി യുടെ ഓഫ് ക്യാമ്പസ് സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചു. മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളത്തിനനുകൂലമായ സാഹചര്യം സൃഷ്ടി ക്കാൻ കഴിഞ്ഞു. ലോട്ടറി മാഫിയകളെ നിരോധിക്കാനായി ഓർഡിനൻസ് കൊണ്ടുവന്നു. റോഡുകൾ ഗതാഗതയോഗ്യമാക്കാൻ കഴിഞ്ഞു.

ശ്രീമതി കെ.എസ്. സലീഖ : ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ശ്രീകൃഷ്ണപുരം മണ്ഡലത്തിലെ മീൻവല്ലം പദ്ധതിക്ക് നബാർഡിന്റെ ഗ്രാന്റ് വിനിയോഗിക്കുന്നതിനുവേണ്ടി ഫണ്ട് അനുവദിച്ചത് ശ്ലാഘനീയമാണ്. കർഷകരെ സഹായിക്കാൻ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി. കൺസ്യൂമർ ഫെഡ് വഴി നെല്ല് സംഭരിക്കാൻ തുക വകയിരുത്തി. ധനകാര്യവകുപ്പിലെ സക്സസ്ഫുൾ റവന്യൂ മൊബിലൈസേഷൻ എടുത്തുപറയാവുന്ന കാര്യമാണ്. ടാക്സ് കളക്ഷൻ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. സെയിൽസ് ടാക്സ്, വാറ്റ് എന്നിവയിൽ വർദ്ധനവുണ്ടായി. റവന്യൂ കമ്മി കുറയ്ക്കാൻ സാധിച്ചു. കടമെടുക്കുന്ന പണം മൂലധനം സ്വരൂപിക്കുന്നതിനായി വിനിയോഗിച്ചു. 2 രൂപയ്ക്ക് 41 ലക്ഷം ആളുകൾക്ക് അരി നൽകാനും 32 ലക്ഷം കുടുംബ ങ്ങൾക്ക് ഹെൽത്ത് ഇൻഷ്വറൻസ് കവറേജ് നൽകാനും സാധിച്ചു. ജീവനക്കാ

രുടെ ഡി.എ. കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു. പുതിയ പൊതുമേഖലാസ്ഥാപനങ്ങൾ തുടങ്ങാനും നിലവിലുള്ളവ പുനരുദ്ധരിക്കാനുമുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ പുരോഗതിക്കും സാമ്പത്തിക വളർച്ചയ്ക്കും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ശ്രമങ്ങളാണ് നടത്തുന്നത്. കാർഷിക ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസരംഗത്തുള്ള സാർവ്വത്രികവൽക്കരണം, മെച്ചപ്പെട്ട പൊതുവിതരണം, സമഗ്ര ആരോഗ്യനയം, അധികാരവികേന്ദ്രീകരണം, സമ്പൂർണ്ണ പാർപ്പിട പദ്ധതി, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തുടങ്ങിയ നടപടികളിൽ വിസ്മയകരമായ നേട്ടമാണ് ഈ ഗവൺമെന്റ് കൈവരിച്ചിട്ടുള്ളത്. ഭൂമി ഇല്ലാത്തവർക്ക് ഭൂമി കൊടുത്തു. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയും വിവിധ മേഖലകളിലുള്ള ആളുകൾക്ക് പെൻഷൻ അനുവദിക്കുകയും ചെയ്തു. വിലക്കയറ്റം പിടിച്ചുനിർത്താൻ നടപടി സ്വീകരിച്ചു. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തി. വിവിധ മേഖലകളിൽ കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന അവാർഡുകൾ ഈ സർക്കാരിന്റെ ജനപക്ഷ നയങ്ങൾക്കുള്ള അംഗീകാരമാണ്. ഒഴിവുള്ള തസ്തികകൾ നികത്തുകയും 29000 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിലെ അഴിമതി പുറത്തുകൊണ്ടുവരികയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു. ജനക്ഷേമകരമായ നിരവധി വികസനപ്രവർത്തനങ്ങൾ കഴിഞ്ഞ നാലര വർഷംകൊണ്ട് ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്.

<u>ശ്രീ. ബി. ബാബു പ്രസാദ്</u> : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാധാരണക്കാരന് 5 സെന്റ് സ്ഥലം നികത്തി വീട് വയ്ക്കാൻ കഴിയാത്ത സാഹചര്യമാണ് ഇന്നുള്ളത്. നീർത്തടനിയമം പാസ്സാക്കിയ ഈ ഗവൺമെന്റ്

ഭൂ മാഫിയകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആദിവാസികളുടെ ഭൂമി സ്വകാര്യ ഭൂ മാഫിയകൾ കയ്യടക്കി സ്വകാര്യ കാറ്റാടി കമ്പനിക്ക് വിറ്റതിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആദിവാസികളുടെ ഭൂമി സംരക്ഷിച്ച് നിലനിർത്താനോ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. ഭൂമാഫിയകളിൽ നിന്ന് ഭൂമി തിരിച്ചുപിടിക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇക്കോളജിക്കലി ഫ്രജൈൽ ലാന്റായി വിലയിരുത്തിയ മെർക്കിസ്റ്റൺ എസ്റ്റേറ്റ് അനധികൃതമായി ഒരു പൊതുമേഖലാ വകുപ്പിന് കൈമാറുകയും തന്റേതല്ലാത്ത ഭൂമിക്ക് വില വാങ്ങുകയും ചെയ്തിട്ട് ആ ഭൂമി തിരിച്ചുപിടിക്കാനോ പണം തിരിച്ച് സർക്കാരിലേയ്ക്ക് അടപ്പിക്കാനോ ഇന്നുവരെ കഴിഞ്ഞിട്ടില്ല. കുട്ടനാട്ടിലെ ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പതിച്ചുകൊടുത്ത സ്ഥലം സഹകരണ സംഘത്തിന് പണയം വച്ചിരുന്നത് ഭൂ മാഫിയകൾ തട്ടിയെടുത്ത സംഭവത്തിൽ സ്വീകരിച്ച നടപടിയെക്കുറിച്ച് വ്യക്തമാക്കണം. പരിസ്ഥിതിയെ വെല്ലുവിളിച്ചുകൊണ്ട് വനം കയ്യേറുകയും കണ്ടൽക്കാടുകൾ വെട്ടി നശിപ്പിക്കുകയും നീർത്തടങ്ങൾ നികത്തുകയും ചെയ്തിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സുനാമി പുനരധിവാസ പദ്ധതിക്കായി കേന്ദ്രസർക്കാർ 1441.75 കോടി രൂപ അനുവദിച്ചെങ്കിലും അതിന്റെ ഗുണഫലം അർഹതപ്പെട്ടവർക്ക് കിട്ടിയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിന്റെ ഗുണഭോക്താക്കൾ ഇവിടത്തെ സമ്പന്നവർഗ്ഗമാണെന്ന കാര്യത്തിൽ തർക്കമില്ല. അടിസ്ഥാന തൊഴിലാളിവർഗ്ഗത്തിന് പ്രയോജനപ്രദമായ ഒരു നടപടിയും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

<u>ശ്രീ. എ.സി. മൊയ്തീൻ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞു. ചെലവ് ചുരുക്കാതെ, ധനമാനേജുമെന്റിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ ധനവകുപ്പിൽ ആധുനികതയും സുതാര്യതയും ധനസ്ഥിരതയും കൈവരിക്കാൻ കഴിഞ്ഞു. സർക്കാർ ജീവനക്കാരുടെ യാതൊരു ആനുകൂല്യങ്ങളും പിടിച്ചുവയ്ക്കാതെയും പാവപ്പെട്ടവരുടെ ക്ഷേമകാര്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുമാണ് ഈ സർക്കാർ മുന്നോട്ടുപോയിട്ടുള്ളത്. ഒരു ക്ഷേമപെൻഷനും ഇപ്പോൾ കുടിശ്ശികയില്ല. നെല്ല് സംഭരണത്തിലും വില നിശ്ചയിക്കുന്നതിലും ഉൾപ്പെടെ ഇടപെടുന്നതിനും കാർഷികമേഖലയിൽ അഭിവൃദ്ധിയുണ്ടാക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത വ്യവസായമേഖലയ്ക്കുവേണ്ടി പ്രത്യേകം തുക നീക്കിവയ്ക്കുകയും ഐ.ടി./ടൂറിസം മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് നിയമനങ്ങൾ മരവിപ്പിച്ചിട്ടില്ല. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന തരത്തിലുള്ള പൊതുവിതരണ സമ്പ്രദായമാണ് ഇവിടെ നടപ്പാക്കിയിരിക്കുന്നത്. സ്വകാര്യ എണ്ണക്കമ്പനികളെ സഹായിക്കുന്നതിന് കേന്ദ്രസർക്കാർ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയും ചരക്കുകൂലിയും വർദ്ധിപ്പിച്ചിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് റവന്യൂ കമ്മി നികത്തുന്നതിന് പൊതുമേഖലാസ്ഥാപനങ്ങളെ വിൽക്കുകയാണ് ചെയ്യുന്നതെങ്കിൽ കേരളത്തിൽ നഷ്ടത്തിലായിരുന്ന എല്ലാ പൊതുമേഖലാസ്ഥാപനങ്ങളേയും ലാഭത്തിലാക്കുകയും ആ ലാഭം ഉപയോഗിച്ച് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തീരുമാനിച്ചിരിക്കുകയുമാണ്. കാർഷികമേഖലയിൽ അഭിവൃദ്ധി,

ഐ.ടി. മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങി സമസ്ത മേഖലകളിലും ഈ ഗവൺമെന്റ് സജീവമായി ഇടപെട്ടിട്ടുണ്ട്.

ശ്രീ. പള്ളിപ്രം ബാലൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം വികസന പ്രവർത്തനത്തിന് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ജനക്ഷേമകരമായ നിരവധി പരിപാടികൾ നടപ്പാക്കുകയും ചെയ്തു. കൂടുതൽ നികുതി ചുമത്താതെ സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ മണ്ഡലങ്ങളിലും വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഒരു പഞ്ചായത്തിൽ മൂന്ന് ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി സ്ക്കൂളുകളാക്കി ഉയർത്തി. രണ്ട് എൽ.പി. സ്കൂളുകൾ യു.പി. സ്കൂളാക്കി ഉയർത്തുകയും നാല് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കെട്ടിടം പണിയുന്നതിനാവശ്യമായ പണം അനുവദിക്കുകയും ചെയ്തു. കാസർഗോഡ് ജില്ലയിലെ മുഴുവൻ സർക്കാർ സ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളാക്കുന്നതിന് ധീരമായ നടപടിയെടുത്ത ഗവൺമെന്റാണിത്. കാസർഗോഡ് ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള നടപടി സ്വീകരിച്ചു. ആദിവാസികൾക്ക് ഒരേക്കർ ഭൂമി വീതം നൽകി. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയും രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയും നടപ്പിലാക്കി. വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചു. കാസർഗോഡ് ജില്ലയിൽ കേന്ദ്ര സർവ്വകലാശാല സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ നേട്ടങ്ങളെ തമസ്ക്കരിക്കുന്ന വിധത്തിലുള്ള പ്രചരണങ്ങളാണ്

പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. മികച്ച പൊതുവിതരണ സമ്പ്രദായത്തിനുള്ള പുരസ്ക്കാരം, ക്രമസമാധാനത്തിനുള്ള അവാർഡ്, കമ്മ്യൂണിറ്റി പോലീസിംഗിനുള്ള അന്താരാഷ്ട്ര അവാർഡ്, ടൂറിസം വികസനത്തിനുള്ള അന്താരാഷ്ട്ര പുരസ്ക്കാരങ്ങൾ തുടങ്ങിയവ സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി ലഭിച്ചിട്ടുള്ളതാണ്. കമ്മ്യൂണിറ്റി പോലീസിംഗ്, അധികാരവികേന്ദ്രീകരണം എന്നിവയിൽ കേരളം ഇന്ത്യയ്ക്കാകെ മാതൃകയാണെന്നും മറ്റ് സംസ്ഥാനങ്ങൾ ഇത് മാതൃകയാക്കണമെന്നുമാണ് കേന്ദ്രം അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇന്ത്യയിലാദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം സ്ത്രീ സംവരണം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. തൊഴിലുറപ്പ് പദ്ധതി ഏറ്റവും സുതാര്യമായും വിജയകരമായും സംസ്ഥാനത്ത് നടപ്പിലാക്കി. വിദ്യാഭ്യാസമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, കമ്പ്യൂട്ടർവൽക്കരണം, സമ്പൂർണ്ണ വൈദ്യുതീകരണം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഇക്കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ഈ ഗവൺമെന്റിന് ചെയ്യാൻ സാധിച്ചിട്ടുണ്ട്. കേരളത്തിന് നൽകുന്ന സാമ്പത്തിക സഹായംതന്നെ നിർത്തലാക്കണമെന്ന രീതിയിലുള്ള സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. സുതാര്യവും അഴിമതിരഹിതവും വികസനോന്മുഖവുമായ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. 2 ജി സ്പെക്ട്രം, കോമൺവെൽത്ത് ഗെയിംസ്, ആണവകരാർ തുടങ്ങി വിവിധ മേഖലകളിൽ കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയതു സംബന്ധിച്ച അന്വേഷണത്തെ നേരിടാൻപോലും കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. കോടിക്കണക്കിന് രൂപയുടെ അഴിമതികൾ മറച്ചുവയ്ക്കാൻ കേന്ദ്രം പലതരത്തിലുള്ള പുകമറകൾ സൃഷ്ടിച്ചുകൊണ്ടിരി

ക്കുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും വില കൽപ്പിക്കാത്ത, അഴിമതിക്ക് കൂട്ടുനിൽക്കുന്ന സർക്കാരാണ് കേന്ദ്രത്തിലുള്ളത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒറിജിനൽ പ്രൊവിഷനിൽ പാസ്സാക്കിയതുപോലും ചെലവാക്കാതെ സപ്ലിമെന്ററി ഡിമാൻഡ് കൊണ്ടുവരുന്ന ഒരു സർക്കാരാണിത്. മെയിന്റനൻസ് ഗ്രാന്റ് ചെലവാക്കാത്തതിനാൽ പി.ഡബ്ള്യു.ഡി. റോഡുകൾ ശോച്യാവസ്ഥയിലാണ്. റോഡുകളുടെ മെയിന്റനൻസ് കാര്യക്ഷമമായി നടപ്പിലാക്കാനുള്ള സംവിധാനമില്ല. പ്രോജക്ടുകൾ യഥാസമയത്ത് നടപ്പാക്കാത്തതിനാൽ പഞ്ചായത്തുകളുടെ വികസനം അവതാളത്തിലായിരിക്കുകയാണ്. കേന്ദ്ര സർക്കാരിൽ നിന്നും പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം ലഭിച്ച ഫണ്ടിൽ റോഡുകൾക്കുള്ള തുക ചെലവഴിച്ചിട്ടില്ല. നാലുകൊല്ലത്തെ ഭരണംകൊണ്ട് സംസ്ഥാനത്ത് കടബാധ്യതയും റവന്യൂ കമ്മിയും വർദ്ധിച്ചു. കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് ഈ ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ചെക്ക്പോസ്റ്റുകളിലൂടെ ഇറച്ചിക്കോഴികളെ കടത്തിയതുവഴി കോടിക്കണക്കിന് രൂപയാണ് ഖജനാവിന് നഷ്ടമുണ്ടാക്കിയത്. ഈ അഴിമതികളെക്കുറിച്ചെല്ലാം അന്വേഷിപ്പിക്കാൻ മുഖ്യമന്ത്രി തയ്യാറാകണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്):</u> ഈ ഭരണത്തിന്റെ അവസാന വർഷത്തിലേയ്ക്ക് കടക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി മാത്രമല്ല, കേരളത്തിലെ പൊതുവേയുള്ള സാമ്പത്തികനില വളരെ മെച്ചപ്പെട്ടതായാണ് കണക്കുകൾ കാണിക്കുന്നത്. 1947 മുതലുള്ള കേരളത്തിന്റെ സാമ്പത്തിക വളർച്ച പരിശോധിച്ചാൽ 1987-ന് മുമ്പ് കേരളത്തിന്റെ ശരാശരി സാമ്പത്തിക വളർച്ച ഏതാണ്ട് രണ്ട് ശതമാനമായിരുന്നു. അതിൽ

ഏറ്റവും മുരടിപ്പുള്ള കാലം 1973 മുതൽ 1987 വരെയാണ്. 1987 മുതൽ ഇന്നുവരെയുള്ള കാലഘട്ടമെടുത്താൽ, വളർച്ചാനിരക്കിന്റെ കാര്യത്തിൽ ദേശീയ ശരാശരിയെക്കാൾ കേരളം മുന്നിലാണെന്ന് മാത്രമല്ല അഞ്ചാം സ്ഥാനത്ത് എത്തിക്കഴിഞ്ഞു. ഇപ്പോൾ സാമ്പത്തികവളർച്ചയുടെ വേഗത 6.8 ശതമാനത്തിൽനിന്നും 7.68 ശതമാനമായിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കനുസരിച്ച് കേരളത്തിലെ സാമ്പത്തികവളർച്ച പത്ത് ശതമാനത്തിന് മുകളിലാണ്. കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ഈ വളർച്ച സ്ഥായിയാക്കി മാറ്റാൻ പറ്റും. കേരളത്തിൽ ഭീതിജനകമായ രീതിയിൽ സാമ്പത്തിക അസമത്വം കൂടിക്കൊണ്ടിരിക്കുകയാണ്. കാർഷികമേഖല ഇന്ന് ദുർബലമാണ്. കേരളത്തിലെ വിളകൾ ചിരകാല വിളകളാണ്. 1999 മുതൽ 2003 വരെ കാർഷികമേഖലയിൽ ഇൻവെസ്റ്റ്മെന്റോ, റീപ്ലാന്റിംഗോ നടന്നിട്ടില്ല. ടൂറിസം, ഐ.ടി. മേഖലകളേക്കാൾ വേഗതയിൽ കാർഷിക മേഖല വളരണം. യു.ഡി.എഫ്. ഭരണകാലത്ത് മൂലധനച്ചെലവ് മൊത്തം ചെലവിന്റെ 4.53 ശതമാനമായിരുന്നത് 2005-06 ആയപ്പോൾ 4.18 ശതമാനമായി കുറഞ്ഞു. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നത് ഫിനാൻസ് കമ്മിഷന്റെ അവാർഡിന്റെ അടിസ്ഥാനത്തിലാണ്. നോൺ-പ്ലാൻ ഗ്രാന്റുകൂടി കണക്കിലെടുക്കുമ്പോൾ കഴിഞ്ഞവർഷം പഞ്ചായത്തുകൾക്ക് ഈ സർക്കാർ അനുവദിച്ചത് മൊത്തം അലോക്കേഷന്റെ 7.88 ശതമാനമാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്നതിനേക്കാൾ ഇരട്ടി വേഗത്തിൽ ഈ അഞ്ചുവർഷക്കാലത്തെ ചെലവുകൾ വർദ്ധിക്കുകയാണുണ്ടായത്. ശതമാനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ യു.ഡി.എഫ്. ഭരണകാലത്ത് കടഭാരം 92 ശതമാനമാണ് വർദ്ധിച്ചതെങ്കിൽ ഈ സർക്കാ

രിന്റെ കാലഘട്ടത്തിൽ ബോറോവൽസ് കൃത്യമായി നടന്നാൽപ്പോലും 70 ശതമാനമേ വർദ്ധിക്കുകയുള്ളൂ. ഈ വർഷം ജി.എസ്.ഡി.പി. റേഷ്യോ 32 ശതമാനത്തിലെത്തിയിരിക്കുകയാണ്. 2005–06-ൽ സംസ്ഥാന റവന്യൂവിന്റെ 29.9 ശതമാനമാണ് കേന്ദ്രസർക്കാർ വിഹിതമായി ധനസഹായം അനുവദിച്ചതെങ്കിൽ ഇപ്പോൾ അത് 25.6 ശതമാനമാണ്. സംസ്ഥാനത്തിന് പുറത്തുനിന്ന് സ്വന്തം ഉപയോഗത്തിനുവേണ്ടി കൊണ്ടുവരുന്ന സാധനങ്ങൾക്ക് രണ്ട് ശതമാനം എൻട്രി ടാക്സ് കൊടുക്കണം. അതേ സാധനം സംസ്ഥാനത്തിനകത്തുനിന്ന് വാങ്ങണമെങ്കിൽ കൂടുതൽ നികുതി കൊടുക്കണം. ഈ സാഹചര്യത്തിൽ സാധനങ്ങൾ പുറത്തുനിന്ന് വാങ്ങിക്കൊണ്ടുവരുന്ന ഏജന്റുമാരുടെ എണ്ണം വർദ്ധിക്കുകയും സംസ്ഥാനത്തിന് കിട്ടേണ്ട നികുതി നഷ്ടമാകുകയുമാണ് ചെയ്യുന്നത്. റവന്യൂ എക്സ്പെൻഡിച്ചർ കഴിഞ്ഞ വർഷത്തേക്കാൾ നാലുശതമാനം കൂടുകയും റവന്യൂ ഡെഫിസിറ്റ് കുറയുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ഈ വർഷത്തെ റവന്യൂ ഡെഫിസിറ്റും ഫിസ്ക്കൽ ഡെഫിസിറ്റും ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ കുറവായിരിക്കും. ഈ സാമ്പത്തികവർഷം ചില അഡീഷണൽ എക്സ്പെൻസസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. റോഡുകളുടെ അപ്ഗ്രഡേഷനുവേണ്ടി അഡീഷണലായി 1000 കോടി രൂപ ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 300 കോടി രൂപയ്ക്ക് ഇതിനകം തന്നെ തദ്ദേശഭരണസ്ഥാപനങ്ങൾ ടെണ്ടർ വിളിച്ച് വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 700 കോടി രൂപയിൽ 400 കോടി രൂപകൂടി ഇതിനോടകം അനുവദിച്ചു കഴിഞ്ഞു. റോഡ് അപ്ഗ്രഡേഷനുവേണ്ടി ഓരോ മണ്ഡലത്തിനും 25 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിന്റെ ഭാഗമായി

അധികമായി അനുവദിക്കുകയാണ്. ബീഡി, കയർ, മൽസ്യമേഖലകളിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കായി 20 കോടി രൂപ അഡീഷണലായി ഈ വർഷം ചെലവഴിക്കുന്നതാണ്. തലശ്ശേരി പൈതൃക പദ്ധതിക്ക് 20 കോടി രൂപയും ആലപ്പുഴ സമഗ്ര ടൂറിസം പരിപാടിയ്ക്കായി പത്ത് കോടി രൂപയും ഈ വർഷം അഡീഷണലായി ചെലവഴിക്കുന്നതാണ്. സർക്കാർ ജീവനക്കാർക്ക് ഫെബ്രുവരി മാസം മുതൽക്ക് ഒരു ഗഡു ഡി.എ. കുടിശ്ശിക തീർത്തുകൊടുക്കുന്നതാണ്. ഇതിലേക്കായി ഏതാണ്ട് 70 കോടി രൂപയുടെ അധികചെലവുണ്ടാകും. യു.ഡി.എഫ് സർക്കാർ പാസ്സാക്കിയ ലോട്ടറി നിയമത്തിൽ ലോട്ടറി മാഫിയയ്ക്കെതിരെ നടപടിയെടുക്കാൻ പറ്റുന്ന വിധത്തിലുള്ള ക്ലാസ്സുകൾ ഉൾപ്പെടുത്തിയിരുന്നില്ല. ടാക്സ് ഓൺ പേപ്പർ ലോട്ടറി നിയമത്തിലാണ് ഭേദഗതി വരുത്തിയത്. യു.ഡി.എഫ്. സർക്കാർ 544 കേസ്സുകൾ പിൻവലിച്ചു. അഫിഡവിറ്റ് പിൻവലിക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ല. 544 കേസ്സുകൾ ഇല്ലാതാക്കിയതിനെക്കുറിച്ച് 2005-ലാണ് സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ടത്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്ക്കരിച്ചു.)

കഴിഞ്ഞ നാലുവർഷത്തിനിടയിൽ 80000 കോടിയിലധികം രൂപ ലോട്ടറി മാഫിയ ദുരുപയോഗപ്പെടുത്തിയതു സംബന്ധിച്ച് അന്വേഷിക്കുന്നതിനാണ് സർക്കാർ ആവശ്യപ്പെടുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പുണ്ടായ അഴിമതിയെക്കുറിച്ച് അന്നത്തെ ലോട്ടറി ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലും അനധികൃത ലോട്ടറി കച്ചവടം നടക്കുകയും അതിന് കേന്ദ്ര സർക്കാർ കൂട്ടുനിൽക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്തെ അനധികൃത ലോട്ടറിയെ സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടും നാളിതുവരെ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. അന്യ സംസ്ഥാന ലോട്ടറി തട്ടിപ്പുകളെക്കുറിച്ച് അഞ്ച് സി ആന്റ് എ.ജി റിപ്പോർട്ടുകളുണ്ടായിട്ടും കേന്ദ്ര സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാത്തത് നിക്ഷിപ്തതാൽപര്യക്കാരെ സംരക്ഷിക്കാനാണ്. നടുപ്പുണി ചെക്ക് പോസ്റ്റിൽ പേ ഓർഡർ ചെക്കുകൾ നൽകിയ പ്രതികളെ പിടികൂടുകയും മുഖ്യപ്രതികൾ സംസ്ഥാനത്തിനു പുറത്തായതുകൊണ്ട് അവരെ പിടികൂടാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. ചെക്ക്പോസ്റ്റുകളിൽ വേ ബ്രിഡ്ജുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ അംഗീകരിച്ചതാണ്. സർക്കാർ ചെക്ക്പോസ്റ്റുകളിൽ റിഫോംസ് വരുത്തുന്നത് കാലാകാലങ്ങളിൽ സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്. ചെക്ക്പോസ്റ്റുകളിൽ വേ ബ്രിഡ്ജുകളുടെ പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധാനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.44-ന് പിരിഞ്ഞു.